# നുറുങ്ങു ചിന്തകൾ

ഹമീദഃ ഖുത്തുബ്

## വഞ്ചന

മനുഷ്യൻ

തന്റെ സംസാര ജീവിതത്തിൽ എന്തു മാത്രം വഞ്ചിതനായിരിക്കുന്നു!

അവൻ ധരിച്ചു:

കൂലം കുത്തിപ്പായുന്ന കാലഗതിയിൽ അചഞ്ചലനായി സുഭദ്രനായി നില കൊള്ളാൻ തനിക്കു കഴിയും.

അവന്ന് തോന്നുന്നു:

തന്റെ പാദങ്ങൾ ഈ മണ്ണിൽ സ്ഥിര ബദ്ധമായി ഊന്നിയിട്ടുണ്ട്.

അവൻ പ്രവർത്തിക്കുന്നു; ഇഛാനുസാരം പ്രവർത്തിക്കുന്നു. ഈ ഭൂമിയിൽ അഭിനയിച്ചുകൊണ്ടിരിക്കുന്ന വെറും നാടക വേഷമാണ് താനെന്ന് അവൻ അറിയുന്നില്ല.

വരുന്നു, പോകുന്നു,

അങ്ങുമിങ്ങും തിരിയുന്നു, ഭുജിക്കുന്നു ഭോഗിക്കുന്നു,

വ്യവഹാര വേദികളിൽ നിമഗ്നനാകുന്നു.

പിന്നെ എന്നെന്നേക്കുമായി തിരോഭവിക്കുന്നു.

അവൻ കടന്നു പോകുന്നു.

തന്റെ പാദങ്ങൾ ഭൂമിയിൽ പതിച്ചിട്ടേയില്ലാത്തപോലെ,

കരങ്ങൾ അതിനെ സ്പർശിച്ചിട്ടേയില്ലാത്തപോലെ.

ഈ വായു മണ്ഡലത്തിൽ നിന്ന് ഒരു കണിക പോലും തന്റെ നെഞ്ചിൽ ഒരിക്കലും പ്രവേശിച്ചിട്ടില്ലാത്തവനെ പോലെ,

അവൻ അന്യനാകുന്നു.

അവന്റെ ദൃഷ്ടികൾ ഈ ഭൂമിയിലെ മനോഹരങ്ങളായ സുഗന്ധ നിർഭരങ്ങളായ പൂവാടികളെ ഒരിക്കലും തഴുകിയിട്ടില്ലാത്തത് പോലെ.

ഏതാനും ഹൃദയങ്ങളിലെ സ്മരണകൾ മാത്രമായി അവൻ അവശേഷിക്കുന്നു.

ദിനരാത്രങ്ങളുടെ നിരന്തര ചംക്രമണത്തിൽ ആ സ്മരണകളും തേഞ്ഞുമാഞ്ഞുപോകുന്നു.

* * * * *

സുന്ദരിയായ, കൃശഗാത്രയായ ഈ തരുണീമണി അഹന്തയോടെ പിന്നോട്ട് കഴുത്ത് വെട്ടിക്കുന്ന അവൾ പൗർണ്ണമീ സമാനം പ്രശോഭിതയായ ഈ മുഖാംഭുജം അനശ്വരവും ശാശ്വതവുമായ ജീവിതത്തിന്റെ ഒരു തുണ്ടമാണെന്നു തോന്നിപ്പോകുന്നു.

വൈവിദ്ധ്യമാർന്ന, വർണ്ണശബളമായ അനുഭൂതികൾ നിറഞ്ഞുനിൽക്കുന്ന

ഈ ആത്മാവ്,

ഹോ! അതിൽ തിങ്ങി വിങ്ങുന്ന ആഗ്രഹാഭിലാഷങ്ങൾക്ക് അനന്ത വിശാലമായ ഈ പ്രപഞ്ചം പോലും കുടുസ്സായതാണ്.

മഹോന്നതനായ ഈ ജനനായകൻ

അയാൾ അധരങ്ങൾ ചലിപ്പിക്കുമ്പോൾ

ജനലക്ഷങ്ങൾ ആ വാക്കുകൾക്ക് പണയപ്പണ്ടങ്ങളായി മാറുന്നു.

ഒരു പ്രസംഗം കൊണ്ട്, കടലാസിൽ കുറിക്കുന്ന ഒരു വാക്കുകൊണ്ട്

ലോകത്തെ ഒന്നടങ്കം പ്രകമ്പനം കൊള്ളിക്കുന്ന ഈ പ്രതിഭാപതി!

ഉന്മേഷത്തോടെ, ലാഘവത്തോടെ

നിരന്തരം ഇളകിക്കൊണ്ടിരിക്കുന്ന ആ സചേതന ജഡം അത് ചലിച്ചുകൊണ്ടിരിക്കുന്നത്?

നാശത്തിലേക്ക്.

ഇനിയൊരിക്കലും ജന്മത്തിന് ഉണ്മയെ ദർശിക്കാൻ കഴിയാത്ത ശാശ്വത വിനാശത്തിലേക്ക്.

എന്നിട്ടും സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു.

വ്യവസ്ഥാപിതമായി, ഒന്നും സംഭവിക്കാത്തപോലെ, ഈ ഭൂമി, പ്രപഞ്ചം, സൂര്യ ചന്ദ്രാദികൾ, നക്ഷത്രകോടികൾ എല്ലാം പഴയപടി.

ഈ ഉലകം അവരെ സ്വപ്നേപി ദർശിച്ചിട്ടില്ലാത്ത പോലെ.

* * * * *

പ്രവിശാലമായി പരന്ന് കിടക്കുന്ന ഈ മണ്ണിൽ മനുഷ്യർ തങ്ങളുടെ പാദങ്ങൾ സുസ്ഥിരമായി ഊന്നാത്തതെന്തേ?

ഭൂമിയുടെ ഒരു തുണ്ടം തന്റേതാണെന്ന് അവകാശപ്പെടുന്ന മനുഷ്യൻ!

എന്താണീ ഉടമാവകാശം?

അതെവിടെ വരെ നിലനിൽക്കും?

ഭൂമി മുഴുവൻ തന്റേതായാലും, തന്റേതായി ഒന്നുമില്ലെന്ന യാഥാർത്ഥ്യം പാവം, മനുഷ്യൻ അറിഞ്ഞിരുന്നെങ്കിൽ! ഹോ മനുഷ്യാ!

നിന്നെപ്പോലും നീ ഉടമപ്പെടുത്തുന്നില്ല.

ഒരു നിമിഷത്തെക്കെങ്കിലും അവൻ പറയുമായിരിക്കാം:

അവന്റേതൊക്കെ അവന്ന് ശേഷം സന്താനങ്ങൾ ഏറ്റെടുക്കും.

എങ്ങോട്ടാണ് സന്താനങ്ങളുടെ പരിണിതി?

കഷ്ടം! എന്തൊരു വിചിത്ര വിചാരം!!

തന്റേതായി ചിലത്-എന്തോ ചിലത് ഉണ്ടെന്ന് മനുഷ്യൻ സദാ ധരിച്ചുവെക്കുന്നു.

നീ വഞ്ചിക്കപ്പെട്ടിട്ടുണ്ട്--തീർച്ച.

ഈ പ്രപഞ്ചത്തിൽ നിനക്ക് ഉടമാവകാശമുള്ള യാതൊന്നുമില്ല.

നിന്റെ,

ശ്വാസോഛ്വാസത്തിന്റെ പോലും

ഉടമയല്ല നീ.

## അദൃശ്യ ഹസ്തം

നിമിഷങ്ങൾ ദിവസങ്ങളായി, മാസങ്ങളായി, വർഷങ്ങളായി കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു.

കാലമെന്ന 'സാങ്കല്പിക പ്രതിഭാസം'

മൂകമായി, മൃദുലമായി, അവിരാമമായി

ഇഴഞ്ഞുനീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഭൂമിയിൽനിന്ന്, അതിലെ പരസഹസ്രം അചേതന സചേതന ചരാചരങ്ങളിൽനിന്ന്

അത് അകന്നു പോകുന്നു.

അജ്ഞാതമായ, അവ്യക്തമായ, അദൃശ്യമായ

അപാരതയിലേക്ക് അകന്നകന്നുപോകുന്നു.

പിന്നീടതാ

മനുഷ്യമനസ്സുകളിൽ

മിന്നിമറയുന്ന ഭാവനകളും സ്മരണകളും മാത്രമായിഅവശേഷിക്കുന്നു

അപ്പോൾ നമുക്ക് തോന്നുന്നു:

അവൾ അവഗണനാപൂർവം
നമ്മെ കടന്നുപോയി.
സ്മരണകളുടെ പ്രകാശ ബിന്ദുക്കൾ മാത്രം
മനോമണ്ഡലത്തിൽ അവശേഷിപ്പിച്ചുകൊണ്ട്
അവൾ
ഇങ്ങിനി വരാത്തവണ്ണം പിരിഞ്ഞു പോയി.
ദിവസങ്ങളോ വർഷങ്ങൾ തന്നെയോ
പിന്നിട്ട ശേഷം
മനുഷ്യൻ ബോധവാനാകുമ്പോൾ;
അപ്പോൾ തന്നിലൂടെ പരിവർത്തനങ്ങളുടെ, ഒരു ഘോഷയാത്രതന്നെ കടന്നു പോയതായി അവനറിയുന്നു.
തന്റെ മൂല്യങ്ങളും മാനദണ്ഡങ്ങളും കീഴ്മേൽ മറിക്കപ്പെട്ടതായി അവനനുഭവിക്കുന്നു.
അതാ,
ഇന്നലത്തെ കോപ പാത്രം
ഇന്നത്തെ സ്നേഹഭാജനമായിരിക്കുന്നു.
ഇന്നലെത്തെ ശത്രു ഇന്നത്തെ മിത്രവും.
ഇന്നലെകൾ അറപ്പോടെ വീക്ഷിച്ച കുപ്പത്തൊട്ടികളിൽ
ഇന്നവൻ മഹത്വത്തിന്റെ ധവളാഭ ദർശിക്കുന്നു.
ഇന്നലെ ഔൽകൃഷ്ട്യത്തിന്റെ പ്രതിരൂപമായി
സുവർണ്ണ സിംഹാസനങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നവ
ഇന്ന്
ചവറ്റുകൊട്ടയിൽ.
തന്നിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന പ്രചണ്ഡമായ
വിപ്ലവ പ്രവാഹത്തെ
സാത്ഭുതം വിടർന്ന മിഴികളോടെ
സമീക്ഷണം ചെയ്യുമ്പോൾ
അനുസ്യൂതമായ ഈ പ്രവാഹത്തിന്റെ
രഹസ്യം ആരായുകയാണവൻ.
ഒരു നിമിഷം,
അവൻ തന്റെ പോയ നാളുകളിലേക്ക്
കണ്ണോടിക്കുന്നു.
അതാ,
കടന്നുപോയ ദിനരാത്രങ്ങൾ,
ഋതുഭേദങ്ങൾ അവനെ തുറിച്ചുനോക്കുന്നു.
അതിന്റെ ചുരുളുകളിൽ സംഭവങ്ങൾ,
ചെറുതും വലുതുമായ പരസഹസ്രം സംഭവങ്ങൾ
അമർന്നുകിടക്കുന്നു.
അവ
അവന്റെ ആത്മാവിന്റെ ദുർബല വശങ്ങളെ ചവിട്ടി ഞെരിക്കുന്നു.
പിന്നീട്
അടിവെച്ചടിവെച്ചടിവെച്ച്
മന്ദമന്ദം ആത്മാവിൽനിന്നകലുന്നു.
വീണ്ടും
അന്ധകാരത്തിൽ വലയം പ്രാപിക്കുന്നു.
അപ്പോൾ
അവയെ പിന്തുടരുവാൻ മനുഷ്യൻ
ഉൽക്കടമായി ആഗ്രഹിക്കുന്നു.
വീണ്ടും
അതിശീഘ്രം അവയിൽ ചെന്നെത്തുവാൻ
ആത്മാവ് വ്യാമോഹിക്കുന്നു.
അവൻ ഓടുന്നു.
നീട്ടിയ ഹസ്തങ്ങളുമായി
വീണ്ടും ഓടുന്നു.
പക്ഷെ, അവന്ന് പിടിക്കാൻ കഴിയുന്നില്ല.
അവൻ
നിസ്സഹായനാവുന്നു.
അതാ: അവ
വിസ്മൃതി സാഗരത്തിന്റെ അഗാധതയിലേക്ക്
ആണ്ടു അപ്രത്യക്ഷമായി.

# ഖബറിനോട്

അല്ലയോ ശ്മശാനമേ!
കഷ്ടം!
നിന്റെ ഇടുങ്ങിയ ചുരുളുകളിൽ
നീ എന്നെ ഉൾക്കൊള്ളുകയോ?!!!
എനിക്ക് ഭയമാകുന്നു.
ദൈവമാണ് സത്യം,
നീ എന്നെ പിടികൂടരുത്.
ഞാൻ നിന്നെ ഭയപ്പെടുന്നു.
അഹോ! ഖബർ,
ഞാൻ,
ജന നിബിഡമായ, സുവിശാലമായ ഈ ലോകത്തലെപ്പോലും
ഏകാന്തതയെയും അന്ധകാരത്തെയും പേടിക്കുന്ന ഞാൻ നിന്റെ ലോകത്തിലെ
ഭയാനകമായ, അവിരാമമായ
അന്ധകാരത്തെ സഹിക്കുന്നതെങ്ങനെ?
ശ്മശാനമേ പറയൂ,
എനിക്ക്,
തുടർച്ചയായി ഒരു നാഴിക നേരത്തെ നിശ്ശബ്ദതകൊണ്ട് അസ്വസ്ഥനാവുന്ന എനിക്ക്
സുദീർഘവും അനാദ്യന്തവുമായ നിന്റെ നിശ്ശൂന്യമൂകത എങ്ങനെ സഹിക്കാനാകും?
അല്ലയോ ഖബർ,
ഏകാന്തത,
ജീവജാലങ്ങളിൽനിന്നുള്ള വിരഹം,
ഒരു നാളത്തേക്കുപോലും എനിക്ക് ദുസ്സഹമാണല്ലോ.
ശാശ്വതമായ, ഭീകരമായ
നിന്റെ ഏകാന്തത
എനിക്ക് എങ്ങനെ പൊറുക്കാൻ കഴിയും?
ശ്മശാനമേ!
വിജനമായ, നാശോന്മുഖമായ വിദൂര പ്രദേശങ്ങളുടെ ദൃശ്യം പോലും.
എന്റെ ശരീരത്തെ ഭയം കൊണ്ട് വികസിപ്പിക്കുന്നു.
നിന്റെ വന്യമൂകമായ ഊഷരതയെ
എനിക്കെങ്ങനെ സഹിക്കാനാകും?
ഹേ, ഖബർ,
ഭീകര നിശ്ശബ്ദതയുടെ
പ്രതിധ്വനി ശ്രവണത്തിൽ
ഞാൻ കിടുകിടാ വിറക്കുന്നു.
എന്റെ രോമങ്ങൾ ഭീതിയാൽ എഴുന്നു നിൽക്കുന്നു.
അപാരതയിൽനിന്ന് അപാരതയിലേക്ക്
ഒഴുകിക്കൊണ്ടിരിക്കുന്ന
നിന്റെ നിതാന്ത മൂകതയുടെ പ്രതിദ്ധ്വനികളെ ഞാനെങ്ങനെ നേരിടും?
അല്ലയോ ഖബർ,
അതിരുകൾ വിദൂരമായ
പ്രവിശാലമായ
ഈ ജീവിതം
എനിക്ക് പലപ്പോഴും
കുടുസ്സായി അനുഭവപ്പെടാറുണ്ട്.
ഒരു നിശ്ചേതന ജഡത്തിനുമാത്രം ഇടമുള്ള
നിന്റെ ഇടുങ്ങിയ വയറ് എനിക്കെന്തു മാത്രം കുടുസ്സായിരിക്കണം?
അല്ലയോ ഖബർ, നീ മരുഭൂമിയിലാണ്.
വിശാലമായ മരുഭൂമിയിൽ മനുഷ്യാത്മാക്കൾക്ക് ഒരിക്കലും സന്ദർശിച്ച് മടങ്ങാനാവാത്ത
വിദൂരതയിൽ.
ശ്മശാനമേ!,
ജീവ ശൂന്യമായ ആ മരുഭൂമിയെ
ഞാൻ ഭയപ്പെടുന്നു
തീർച്ച.
ഹേ ഖബർ,
ദൈവമാണു സത്യം
നീയെന്നെ വിഴുങ്ങാതെ
ഞാൻ നിന്നെ വെറുക്കുന്നു.
ഞാൻ നിന്നെ ഭയപ്പെടുന്നു.
വിവ: നജീബ്, ശാന്തപുരം.